വിജയശ്രീ

# നിർമ്മാണ സാമഗ്രികൾ ഉൽപാദിപ്പിക്കാം

കേരളത്തിൽ അഞ്ചു ലക്ഷത്തോളം വീടുകളുടെ നിർമ്മാണമാണ് സർക്കാർ ധനസഹായത്തോടുകൂടി ഈ വർഷം നടക്കുമെന്നു പ്രതീക്ഷിക്കുന്നത്. സ്വകാര്യമേഖലയിൽ നടക്കുന്ന നിർമാണ പ്രവർത്തനങ്ങൾ കൂടി കണക്കാക്കിയാൽ ഇത് ഇരട്ടിയിലേറെ വരും. ഭൂരിഭാഗം വീടുകളും ഫ്ലാറ്റുകളുമെല്ലാം ഇന്ന് സിമന്റ് ഇഷ്ടിക ഉപയോഗിച്ചാണു നിർമ്മിക്കുന്നത്. സിമന്റ് ഇഷ്ടികയ്ക്കു കോടിക്കണക്കിനു രൂപയുടെ വിപണിയാണുണ്ടാകുക.

ഇത്തരമൊരു വിപണനസാധ്യത മനസ്സിലാക്കി സിമന്റ് ഇഷ്ടിക നിർമിക്കുന്ന സംഘങ്ങൾ രൂപീകരിക്കാൻ കുടുംബശ്രീ ലക്ഷ്യമിടുന്നു. ഇതിന്റെ ഏറ്റവും വലിയ പ്രത്യേകതയെന്തെന്നാൽ ഇത്തരം ഇഷ്ടികകൾ വിപണനം ചെയ്ത് പണം അംഗങ്ങൾക്കു ലഭിക്കുന്നതിനേക്കാളുപരിയായി ചെയ്യുന്ന ജോലിക്കു കൂലി ലഭിക്കുന്ന രീതിയിലേക്ക് ഈ സംരംഭങ്ങൾ മാറ്റാനാകും. പറഞ്ഞുവരുന്നത് തൊഴിലുറപ്പ് പദ്ധതിയുമായുള്ള സംയോജനത്തെക്കുറിച്ചാണ്. എല്ലാ പഞ്ചായത്തുകളിലും തൊഴിലുറപ്പു പദ്ധതിയുടെ ഭാഗമായി സിമന്റ് ഇഷ്ടിക നിർമിക്കുന്ന യൂണിറ്റുകൾ ആരംഭിക്കാനും സിമന്റ്, മെറ്റൽ തുടങ്ങിയ നിർമ്മാണ സാമഗ്രികൾ തൊഴിലുറപ്പു പദ്ധതിയുടെ മെറ്റീരിയൽ കംപോണന്റിൽനിന്നു ലഭ്യമാക്കുകയും ഇഷ്ടിക നിർമാണത്തിലേർപ്പെടുന്നവർക്കു തൊഴിലുറപ്പിന് നൽകുന്ന ദിവസവേതനം നൽകുകയുംചെയ്താണ് യൂണിറ്റുകൾ തുടങ്ങുക. ഇതു കൂടാതെ ഇഷ്ടിക വിൽക്കുമ്പോൾ ലഭിക്കുന്ന ലാഭവും ഈ സംരംഭ സംഘാംഗങ്ങൾക്കു ലഭിക്കും.

ഈ അനുകൂല സാഹചര്യം മനസ്സിലാക്കി കേരളത്തിലെ എല്ലാ ബ്ലോക്കുകളിലും തൊഴിലുറപ്പു പദ്ധതിയുമായി സംയോജിപ്പിച്ച് കുടുംബശ്രീ സൂക്ഷ്മ സംരംഭ യൂണിറ്റുകളായി സിമന്റ് ഇഷ്ടിക നിർമാണ യൂണിറ്റുകൾ രൂപീകരിക്കുകയാണ് കുടുംബശ്രീയുടെ ലക്ഷ്യം. കൂടാതെ ഇത്തരം യൂണിറ്റുകൾക്കു സൗജന്യ പരിശീലനം നൽകാനും സാധ്യമെങ്കിൽ യന്ത്രസാമഗ്രികകൾ പഞ്ചായത്തിൽനിന്നു ന ൽകാനും ലക്ഷ്യമിടുന്നു. ഭാവിയിൽ കിണർ റിങ്, ഇന്റർലോക്ക് ടൈൽ തുടങ്ങിയ സമാന ഉൽപന്നങ്ങളുടെ നിർമാണംഏറ്റെടുത്ത് സംരംഭം വികസിപ്പിക്കാനും കഴിയും.



**എസ്. ഹരികിഷോർ ഐഎഎസ്**
എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ




# ചാവക്കാടിന്റെ കഫേശ്രീ

കുടുംബശ്രീയുടെ സൂക്ഷ്മ സംരംഭമെന്നു പറഞ്ഞാൽ ഏവരുടേയും മനസ്സിലേക്ക് ആദ്യം ഓടിയെത്തുന്ന ചിത്രം അതൊന്നു മാത്രം. രുചിയൂറുന്ന ഭക്ഷ്യവിഭവങ്ങൾ ഗൃഹാതുരത്വത്തിന്റെ മേമ്പൊടിയോടെ വച്ചു വിളമ്പി ഏവരുടെയും മനസ്സും ഹൃദയവും നിറയ്ക്കുന്ന കുടുംബശ്രീ കഫേ, കന്റീൻ സംരംഭങ്ങൾ. കുടുംബശ്രീ സൂക്ഷ്മ സംരംഭങ്ങളിൽ ഏവർക്കും ഏറ്റവും കൂടുതൽ പരിചയവും ഇത്തരത്തിൽ ഭക്ഷ്യവിഭവങ്ങളുണ്ടാക്കുന്ന സംരംഭങ്ങളായിരിക്കും. കേരളത്തിൽ കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ കുടുംബശ്രീ കന്റീൻ, കഫേ, ഹോട്ടൽ അതുമല്ലെങ്കിൽ വീട്ടിൽ ഊണ് പോലെയുള്ള സംരംഭങ്ങൾ എവിടെയും കാണാം. അത്തരത്തിലൊരു സംരംഭമാണ് തൃശൂർ ചാവക്കാട് മുനിസിപ്പാലിറ്റിയിലെ കഫേശ്രീ.

ചാവക്കാട് മുനിസിപ്പാലിറ്റി കെട്ടിടത്തിൽ 2015 ഓഗസ്റ്റിൽ തുടക്കമിട്ട കഫേശ്രീ ഇന്ന് പ്രദേശത്തെ എണ്ണം പറഞ്ഞ ഹോട്ടലുകളിലൊന്നായി മാറിക്കഴിഞ്ഞിരിക്കുന്നു. സ്വർണജയന്തി ഷഹരി റോസ്ഗാർ യോജന എന്ന കേന്ദ്ര പദ്ധതി പ്രകാരം തുടക്കമിട്ട കഫേശ്രീ അംഗങ്ങൾ ചാവക്കാട് സിഡിഎസിന് കീഴിലുള്ള വിവിധ അയൽക്കൂട്ടങ്ങളിൽനിന്നു തിരഞ്ഞെടുക്കപ്പെട്ടവരാണ്. പതിനഞ്ചു ദിവസത്തെ തീവ്രപരിശീലനത്തിനു ശേഷം കുടുംബശ്രീ നൽകിയ പതിനഞ്ചു ലക്ഷം രൂപ ധനസഹായവും കാനറ ബാങ്കിൽ നിന്നെടുത്ത പത്തു ലക്ഷം രൂപ ലോണും മൂലധനമാക്കിയാണ് കഫേശ്രീ പ്രവർത്തനം ആരംഭിച്ചത്. എസ്ജെഎസ്ആർവൈ പദ്ധതിപ്രകാരം മൂന്നു ലക്ഷം രൂപ സബ്സിഡിയായും ലഭിച്ചു.

മികച്ച, വൃത്തിയോടും അത്യാധുനിക സംവിധാനങ്ങളോടും കൂടി ആരംഭിച്ച കഫേശ്രീ തുടക്കത്തിൽതന്നെ ശ്രദ്ധ നേടി. വെജ്, നോൺവെജ് നാടൻ വിഭവങ്ങൾ അതീവ രുചിയോടെ തയാറാക്കുന്ന കഫേശ്രീയിൽ ഏറ്റവും പ്രധാന്യം നൽകുന്നത് വൃത്തിക്കും മായരഹിതമായ ഭക്ഷണമുണ്ടാ ക്കുന്നതിലുമാണ്. ഇപ്പോൾ സംഘത്തിൽ പതിമൂന്നു പേരാണുള്ളത്. മിനി സുനിലാണ് കഫേശ്രീ പ്രസിഡന്റ്. ഉദയലക്ഷ്മി ബാബു സെക്രട്ടറിയും.

മാസം തോറും ഓരോ അംഗത്തിനും 10,000 രൂപ മുതൽ 12,000 രൂപ വരെ ശമ്പളമായി ലഭിക്കുന്നു. രാവിലെ ആറു മുതൽ രാത്രി 7.30 വരെയാണ് കഫേശ്രീയുടെ പ്രവർത്തനം.

DDU-GKY
Deen Dayal Upadhyaya Grameen Kaushalya Yojana
Empowering India • Powering the World

ദീൻദയാൽ ഉപാധ്യായ ഗ്രാമീണ കൗശല്യ യോജന (ഡിഡിയുജികെവൈ) എന്ന കേന്ദ്ര നൈപുണ്യ പരിശീലന പരിപാടി കേരളത്തിൽ നടപ്പിലാക്കുന്നത് കുടുംബശ്രീ വഴിയാണ്. ഗ്രാമീണമേഖലയിലെ നിർധനരായ യുവതീയുവാക്കൾക്കു പദ്ധതി വഴി സൗജന്യമായി നൈപുണ്യ പരിശീലനം നൽകുന്നു, കൂടാതെ തൊഴിലും ഉറപ്പു നൽകുന്നു. കുടുംബശ്രീയുമായി കരാറിലെത്തിയിരിക്കുന്ന പ്രോജക്ട് ഇംപ്ലിമെന്റേഷൻ ഏജൻസികൾ വഴി 32 വ്യത്യസ്തമായ തൊഴിൽ മേഖലകളിലെ 127ലേറെ കോഴ്സുകളിൽ പരിശീലനം നേടാനാകും. 15 വയസ്സ് മുതൽ 35 വയസ്സുവരെ പ്രായമുള്ളവർക്കു പരിശീലനത്തിന്റെ ഭാഗമാകാം. സ്ത്രീകൾ, അംഗപരിമിതർ, പ്രാക്തന ഗോത്രവിഭാഗത്തിൽപെടുന്ന ആദിവാസികൾ എന്നിവർക്കു 45 വയസ്സാണ് ഉയർന്ന പ്രായപരിധി. റെസിഡൻഷ്യൽ രീതിയിലും പരിശീലനം നൽകുന്നു. ഭക്ഷണവും താമസവും സൗജന്യമാണ്.



ടൂറിസം- ഹോസ്പിറ്റാലിറ്റി മേഖലയിൽ ഇരുപതിലേറെ ഏജൻസികൾ വഴിയാണ് പരിശീലനം നൽകുന്നത്. ഹോസ്പിറ്റാലിറ്റി അസിസ്റ്റന്റ്, ഫ്രണ്ട് ഓഫിസ് അസിസ്റ്റന്റ്, ടിക്കറ്റ് റിസർവേഷൻ അസിസ്റ്റന്റ്, കുക്ക്, റിസപ്ഷനിസ്റ്റ്, ഫുഡ് ആൻഡ് ബവ്റിജ്സ് സ്റ്റുവർഡ്, ഹൗസ് കീപ്പർ, ഹൗസ് കീപ്പിങ് അറ്റൻഡന്റ് തുടങ്ങിയ കോഴ്സുകളിലാണ് പരിശീലനം നേടാനാകുക.

## കുടുംബശ്രീ ഇൻഫൊ

### നാട്ടുചന്ത വഴി വിൽപന 11 കോടി

കുടുംബശ്രീ കൃഷി സംഘങ്ങളുടെയും സംരംഭകരുടെയും ഉൽപന്നങ്ങൾ വിറ്റഴിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സംസ്ഥാനത്തെ വിവിധ പഞ്ചായത്തുകളിൽ ആഴ്ചതോറും സംഘടിപ്പിക്കുന്ന നാട്ടുചന്തകൾ വഴി ഈ സാമ്പത്തികവർഷം 11 കോടി രൂപയുടെ വിൽപന. കൃഷി ചെയ്ത് ലഭിക്കുന്ന ഉൽപന്നങ്ങൾക്കു വിപണി കണ്ടെത്തുകയെന്ന കർഷകരുടെ പ്രധാന പ്രശ്നം ഇതുവഴി ഒഴിവാകുന്നു. ഓരോ പഞ്ചായത്തിലെയും നാട്ടുചന്തകൾ, എന്നു സംഘടിപ്പിക്കുന്നു വിറ്റുവരവ് എത്ര തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തിയ www.naattuchantha.com എന്ന വെബ്സൈറ്റും പ്രവർത്തിക്കുന്നുണ്ട്.